ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി നല്കുന്നതിന് നടപടികൾ

150 (T2429) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി നല്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ബി) കേന്ദ്ര വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ നടത്തിയ അന്വേഷണത്തിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച പദ്ധതി അംഗീകരിക്കാൻ കഴിയില്ലെന്ന് പ്രസ്തുത ഉദ്യോഗസ്ഥരുടെ വെളിപ്പെടുത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ആദിവാസികൾക്ക് ഭൂമി കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടില്ല.

(സി) ഉദിക്കുന്നില്ല.

ആദിവാസി ഭൂമി കയ്യേറുന്നതും വിലയ്ക്കുവാങ്ങുന്നതും തടയാൻ നിയമം

151 (2430) ശ്രീ. പി. ജെ. ജോയി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ ഭൂമി കൈയേറുന്നതിനെയോ, അവരുടെ ഭൂമി ആദിവാസികളല്ലാത്തവർ വിലയ്ക്ക് വാങ്ങുന്നതിനെയോ തടയുവാൻ ഇപ്പോഴുള്ള വ്യവസ്ഥ ഫലപ്രദമായി നടപ്പാക്കുവാൻ കഴിയുമോ ;

(ബി) ഇല്ലാത്തപക്ഷം ഇതിനുവേണ്ടി പുതിയ നിയമം കൊണ്ടുവരാൻ [illegible] ?

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly